കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# യേശു
# അയ്യായിരം പേരെ
# പോഷിപ്പിക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

അനേകം മതനേതാക്കന്മാർ (പരീശന്മാർ എന്നറിയപ്പെടുന്നവർ) യേശുവിനെക്കുറിച്ച് കള്ളം പ്രചരിപ്പിച്ചു. ചിലർ അവനെ കൊന്നു കളയുവാനും
ശ്രമിച്ചു.



അവൻ യഥാർത്ഥത്തിൽ ദൈവത്തിന്റെ പുത്രനാണെന്ന് അവർ വിശ്വസിച്ചില്ല.



അവൻ ദൈവത്തിന്റെ പുത്രനെന്ന് തെളിയിക്കുന്ന അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടും അവർ അവനെ അംഗീകരിച്ചില്ല.



ഒരു ദിവസം യേശു ഗലീലക്കടൽ കടന്നു. ഒരുപക്ഷേ, തന്റെ ചുറ്റിലും എപ്പോഴുമുണ്ടായിരുന്ന ജനക്കൂട്ടത്തിൽനിന്നു തനിക്ക് ഇടവേള വേണമായിരുന്നു. എന്നാൽ ജനക്കൂട്ടം എത്രയും വേഗം അവനെവിടെയെന്ന് കണ്ടെത്തി. യേശു വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്ന് അവർക്കറിയാം. അവനോടൊപ്പം ആയിരിപ്പാൻ അവൻ ആഗ്രഹിച്ചു.



യേശു തന്റെ ശിഷ്യന്മാരെ വിജനമായൊരു മലമുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെയിരുന്ന് പഠിപ്പിക്കുവാൻ തുടങ്ങി. അവിടേക്ക് കൂടുതൽ കൂടുതൽ ആളുകൾ വന്നുതുടങ്ങി.



അധികം കഴിയുംമുമ്പേ അത്താഴത്തിനുള്ള സമയമായി. എല്ലാവർക്കും നല്ല വിശപ്പ് ഉണ്ടായിരിന്നിരിക്കണം.



യേശു ജനക്കൂട്ടത്തെ നോക്കി. “ഇവർക്ക് തിന്നുവാൻ നാം എവിടെനിന്നു അപ്പം വാങ്ങും?” യേശുവിന്റെ ചോദ്യം ഫിലിപ്പൊസിനോടായിരുന്നു. അവിടെ അടുത്തെങ്ങും കടകൾ ഇല്ലായിരുന്നു. എന്തുചെയ്യുവാനാണ് യേശു പദ്ധതിയിട്ടിരിക്കുന്നത്?





“ഇത്രയും ജനത്തിന് ഭക്ഷണം കൊടുക്കുവാൻ ഭീമമായൊരു തുക ചെലവാകും,” ഫിലിപ്പൊസ് യേശുവിനോടു ഉത്തരം പറഞ്ഞു. യേശുവിന്റെയും ശിഷ്യന്മാരുടെയും കയ്യിൽ അധികം പണമില്ലായിരുന്നു.





മറ്റൊരു ശിഷ്യനായ അന്ത്രെയൊസ് (ശിമോൻ പത്രോസിന്റെ സഹോദരൻ) യേശുവിനോടു പറഞ്ഞു: “ഇവിടൊരു ബാലനുണ്ട്, അവന്റെ പക്കൽ അഞ്ച് യവത്തപ്പവും രണ്ട് മീനും ഉണ്ട് ...”

“... എന്നാൽ ഇത്രയും പേർക്ക് അത് എന്തുള്ളൂ?” ഒരു കൊച്ചു പയ്യന്റെ ഭക്ഷണം അത് അവൻ പങ്കുവെക്കാൻ തയ്യാറായാലും ഇത്ര പേർക്ക് അതെങ്ങനെ തികയും എന്നത് അന്ത്രെയോസിന് കാണാൻ കഴിഞ്ഞില്ല.



യേശു പറഞ്ഞു: “ജനങ്ങളെ ഇരുത്തുക.” പുരുഷന്മാരെല്ലാം നിലത്തിരുന്നപ്പോൾ അയ്യായിരം പേരുണ്ടായിരുന്നു. അയ്യായിരം പേരോ?! അവിടെയുണ്ടായിരുന്ന സ്ത്രീകളെയും കുട്ടികളെയും എണ്ണിയില്ല എന്നോർക്കണം.



അടുത്തതായി യേശു അപ്പവും മീനും കയ്യിലെടുത്തു. ആ ബാലൻ തീർച്ചയായും യേശുവിൽ വിശ്വസിച്ചിരുന്നിരിക്കണം. എന്തുകൊണ്ടാണോ യേശു തന്റെ ഉച്ചഭക്ഷണം ആവശ്യപെട്ടതെന്നോ യേശു അതുകൊണ്ട് എന്തുചെയ്യാൻ പോകുന്നുവെന്നോ അവന് അറിയില്ലായിരുന്നു.



അവൻ ഇങ്ങനെ ചിന്തിച്ചുകാണും,
“ഞാനെന്റെ ഭക്ഷണം കൊടുത്താൽ
പിന്നെ എനിക്കൊന്നും
കഴിക്കാനില്ലല്ലോ.”
എന്തായാലും അവൻ
അത് യേശുവിന്
കൊടുത്തു.



അപ്പോൾ യേശു പ്രാർത്ഥിച്ചു. അവൻ ദൈവത്തിന് നന്ദിയർപ്പിച്ചു. അഞ്ചപ്പത്തിനും മീനിനും വേണ്ടിയോ? അതേ!

യേശു ദൈവത്തോട് “നിനക്കു നന്ദി” എന്നു പറഞ്ഞിട്ട് ഈ അപ്പത്തെ അനുഗ്രഹിക്കുവാൻ അവനോടപേക്ഷിച്ചു.



പ്രാർത്ഥിച്ചശേഷം യേശു
അപ്പവും മീനും നുറുക്കി
ശിഷ്യന്മാരെ ഏൽപ്പിച്ചു.
അവരതു മഹാപുരുഷാരത്തിന്
പങ്കിട്ടുകൊടുത്തു. അപ്പോഴാണ്
യേശു ചെയ്ത അത്ഭുതം
ജനങ്ങൾ കാണുന്നത്.
ഓരോരുത്തർക്കും
ആവശ്യംപോലെ കഴിക്കാൻ
ലഭിച്ചു. എന്നിട്ടും അപ്പവും
മീനും തീർന്നുപോയിരുന്നില്ല.



എല്ലാവരും കഴിച്ചശേഷവും ധാരാളം അപ്പവും മീനും ബാക്കിവന്നു. യേശു ശിഷ്യന്മാരോട് പറഞ്ഞു; “ശേഷിച്ച കഷണങ്ങൾ ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ.” ജനമെല്ലാം ഭക്ഷിച്ച് കഴിഞ്ഞ് ശേഷിപ്പിച്ച യവത്തപ്പക്കഷണങ്ങൾ പന്ത്രണ്ട് കൊട്ട നിറച്ചെടുത്തു.



ഒരു ബാലന്റെ ഭക്ഷണംകൊണ്ട് യേശു
5000 ത്തിലേറെ ജനങ്ങളെ പോഷിപ്പിച്ചു.
മറ്റൊരവസരത്തിൽ ഏഴപ്പവും കുറച്ചു
മീനും കൊണ്ടു നാലായിരം
പോരെ അവൻ
പോഷിപ്പിച്ചു.



സാധാരണ ജനങ്ങൾ ഈ അടയാളങ്ങൾ കാണുമ്പോൾ പരീശന്മാരെപോലെ അവർ കോപിക്കുകയില്ല. പകരം അവർ പറഞ്ഞിതിങ്ങനെയാണ്, "ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവനാകുന്നു സത്യം." വിശുദ്ധ വചനത്തിൽ വാഗ്ദത്തം ചെയ്തിരുന്ന വരുവാനുള്ള രക്ഷകൻ യേശുവാണെന്ന് ജനങ്ങൾക്ക് മനസ്സിലായി.



യേശു അയ്യായിരം പേരെ പോഷിപ്പിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോഹന്നാൻ 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130


അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16